പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3354 | 14.03.2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ടെന്നീസ് ക്ലബ്ബിലെ മെമ്പർഷിപ്പ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് ആവശ്യത്തിനാണ് പ്രസ്തുത ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നു വാങ്ങലുമായി ബന്ധപ്പെട്ട് ദർഘാസുകളെയും പുനഃദർഘാസുകളെയും സംബന്ധിച്ച് ദർഘാസിൽ പങ്കെടുക്കാൻ താല്പര്യമുള്ള കമ്പനികളുടെ പ്രതിനിധികളുമായും അധികൃതരുമായും നിരന്തരം മീറ്റിംഗുകൾ നടത്തേണ്ടതായി വരുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും വെയർഹൗസ് മാനേജർമാരേയും പങ്കെടുപ്പിച്ച് എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. പ്രസ്തുത മീറ്റിംഗുകൾ നടത്തുന്നതിനുള്ള സൗകര്യത്തിനാണ് തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ളത് |
| (ബി) മെമ്പർഷിപ്പ് എടുക്കുന്നതിന് കോർപ്പറേഷൻ എന്ത് തുക ചെലവഴിച്ചു; പ്രതിവർഷം ഈയിനത്തിൽ കോർപ്പറേഷൻ ടെന്നീസ് ക്ലബ്ബിന് എന്ത് തുക നൽകേണ്ടിവരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ബി) 11,50,000/- രൂപ (പതിനൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം). മെമ്പർഷിപ്പ് ഫീസ് ആയി പ്രതിമാസം 1,180/-രൂപ നിരക്കിൽ പ്രതിവർഷം 14,160/- രൂപ ടെന്നീസ് ക്ലബ്ബിന് നൽകേണ്ടി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ